പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 4467

26/06/2014 ൽ മറുപടിയ്ക്ക്

## ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച തുക ലഭ്യമാകാത്തതിന്റെ കാരണം

| ചോദ്യം<br>ശ്രീ. ബി. സത്യൻ | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| (എ) കൊട്ടാരക്കര താലൂക്കിൽ അർക്കന്നൂർ ചരുവിള പുത്തൻവീട്ടിൽ (ഇളമാട് വില്ലേജ്) അജിൻ വാഹനാപകടത്തിൽ മരണപ്പെട്ടതിനെ തുടർന്ന് പിതാവ് കുഞ്ഞുപിള്ള സമർപ്പിച്ച അപേക്ഷ പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 28410/ഡി.ആർ.എഫ്/സി.എം./2013 തീയതി 02.09.13 പ്രകാരം ഒരു ലക്ഷം രൂപ അനുവദിച്ച് ഡി.ആർ.എഫ് സെക്ഷന് കൈമാറിയ ഫയലിൻ മേൽ എന്തു തുടർനടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;<br><br>(ബി) ടി കുഞ്ഞുപിള്ളയ്ക്ക് ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച തുക ഇതുവരെയും ലഭ്യമാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;<br><br>(സി) അനുവദിച്ച തുക എത്രയുംവേഗം ലഭ്യമാകാൻ വേണ്ട നടപടി സ്വീകരിക്കുമോ? | (എ), (ബി) & (സി)<br><br>24/06/2014 ലെ സ.ഉ. (സാധാ) നം. 2871/14/റവ പ്രകാരം കൊല്ലം, കൊട്ടാരക്കര, അർക്കന്നൂർ, ചരുവിള പുത്തൻവീട്ടിൽ ശ്രീ.കുഞ്ഞുപിള്ളയ്ക്ക് മകൻ അപകടമരണപ്പെട്ടതിന് ആശ്വാസധന സഹായമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1,00,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. കൊല്ലം ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭ്യമാകുന്നതിലുള്ള കാലതാമസം മൂലമാണ്, തുക അനുവദിച്ചുത്തരവാകാൻ വൈകിയത്. തുക അടിയന്തിരമായി വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശം കൊല്ലം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.